# വോട്ടവകാശം വിവേകപൂർവം വിനിയോഗിക്കണം: ടൊവിനോ

## ■ ദേശീയ സമ്മതിദായക ദിനാഘോഷം സംഘടിപ്പിച്ചു

കൊച്ചി: തിരഞ്ഞെടുപ്പുകളിൽ വിവേകപൂർവം വോട്ടവകാശം വിനിയോഗിക്കുന്നത് ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിനും ഭാവി സുരക്ഷിതമാക്കുന്നതിനുമുള്ള സുവർണാവസരമാണെന്ന് ചലച്ചിത്രതാരവും തിരഞ്ഞെടുപ്പ് വകുപ്പിന്റെ സ്വീപ് ഐക്കണുമായ ടൊവിനോ തോമസ് പറഞ്ഞു. തൃക്കാക്കര ഭാരത്മാതാ കോളേജിൽ ദേശീയ സമ്മതിദായക ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

വോട്ട്ചെയ്യാനുള്ള അവസരം ഒരിക്കലും നഷ്ടപ്പെടുത്തിയിട്ടില്ലെന്നും എല്ലാവരും വോട്ട് ചെയ്യണമെന്നും ടൊവിനോ അഭ്യർത്ഥിച്ചു.

സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അദ്ധ്യക്ഷതവഹിച്ചു. സൂപ്പർപവറായി രാജ്യം വളരുമ്പോൾ നാടിനെ നയിക്കേണ്ട യുവാക്കൾ വോട്ട്ചെയ്യുന്നതിൽനിന്ന് വിട്ടുനിൽക്കരുതെന്ന് അദ്ദേഹം പറഞ്ഞു. ടൊവിനോ തോമസ് ദേശീയ സമ്മതിദായക പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

മികച്ച ജില്ലാ ഇലക്ഷൻ ഓഫീസർമാർക്കുള്ള പുരസ്കാരങ്ങൾ തൃശ്ശൂർ ജില്ലാ കളക്ടർ കൃഷ്ണ തേജ, മലപ്പുറം ജില്ലാ കളക്ടർ വി.ആർ.വിനോദ്, കോഴിക്കോട് ജില്ലാ കളക്ടർ സ്നേഹിൽകുമാർ സിംഗ് എന്നിവർക്ക് നൽകി. പുതിയ വോട്ടർമാർക്കുള്ള തിരിച്ചറിയൽ കാർഡ് വിതരണം ജില്ലാ കളക്ടർ എൻ.എസ്.കെ.ഉമേഷ് നിർവഹിച്ചു.

ഭാരത് മാതാ കോളേജ് മാനേജർ ഫാ. ഡോ. എബ്രഹാം ഒലിയപ്പുറത്ത്, പ്രിൻസിപ്പൽ ഡോ. കെ. എം. ജോൺസൺ, അഡിഷണൽ ചീഫ് ഇലക്ടറൽ ഓഫീസർ സി.ഷർമിള തുടങ്ങിയവർ പങ്കെടുത്തു.



ദേശീയ സമ്മതിദായക ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തൃക്കാക്കര ഭാരതമാതാ കോളേജിൽ ചലച്ചിത്ര താരവും സംസ്ഥാന തിരഞ്ഞെടുപ്പ് വകുപ്പിന്റെ സ്വീപ് ഐക്കണുമായ ടൊവിനോ തോമസ് നിർവഹിക്കുന്നു.